**POLICE** **DEPARTMENT**

**KERALA**

**No. E2-12657/2016/T**

ജില്ലാ പോലീസ് ഓഫീസ്,

തിരുവനന്തപുരം റൂറൽ

sptvmrl.pol@kerala.gov.in

04712302296

തീയതി. 21-03-2016

**ലേലപ്പരസ്യം**

തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് മേധാവിയുടെ കീഴിലുള്ളതും പുളിങ്കുടി എ.ആർ. ക്യാമ്പിൽ സൂക്ഷിച്ചിരിക്കുന്നതുമായ താഴെ പറയുന്ന വാഹനങ്ങൾ 2016 April 20-)o തീയതി പകൽ 11 മണിക്ക് പുളിങ്കുടി ഏ.ആർ. ക്യാമ്പിൽ വച്ച് പരസ്യമായി ലേലം/ടെൻഡർ വഴി വില്പന നടത്തുകയാണ്.

| ക്രമ നം. | വാഹന നം. | മോഡൽ | നിരത ദ്രവ്യം |
|---|---|---|---|
| **1** | KL 01 AU 9937 INVADER | 2009 | ₹5000/- |
| **2** | KL 01 X 9748 HERO HONDA CD 100 | 2002 | ₹300/- |
| **3** | KL 01 X 9741 HERO HONDA CD 100 | 2002 | ₹300/- |
| **4** | KL 01 AQ 7275 INVADER | 2007 | ₹10000/- |
| **5** | KL 01 AQ 8205 INVADER | 2007 | ₹10000/- |
| **6** | KL 01 AH 1956 BAJAJ CT 100 | 2005 | ₹150/- |
| **7** | KL 01 AQ 7050 INVADER | 2007 | ₹1250/- |
| **8** | KL 01 X 9747 HERO HONDA CD 100 | 2002 | ₹300/- |
| **9** | KL 01 X 9740 HERO HONDA CD 100 | 2002 | ₹300/- |
| **10** | KL 01 X 9738 HERO HONDA CD 100 | 2002 | ₹300/- |
| **11** | KL 01 AE 722 TATA INDIGO | 2004 | ₹2500/- |
| **12** | KL 01 X 9379 TATA BUS | 2002 | ₹5000/- |

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേല ദിവസം ലേല സ്ഥലത്ത് ഹാജരാകേണ്ടതും ലേലം തുടങ്ങുന്നതിന് ഒരു മണിക്കൂർ മുൻപ് നിരതദ്രവ്യം അടച്ച് രസീത് വാങ്ങേണ്ടതുമാണ്. ലേലം കഴിഞ്ഞാലുടൻ ലേലം നഷ്ടപ്പെടുന്നവർക്ക് നിരതദ്രവ്യം മടക്കി കൊടുക്കുന്നതാണ്.

ടി വാഹനങ്ങൾ വില്പനയ്ക്ക് ദർഘാസുകൾ സ്വീകരിക്കുന്നതാണ്. 2016 April 19-)o തീയതി പകൽ 4 മണിക്ക് മുൻപ് ടി ദർഘാസ് തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് മേധാവിയുടെ ആഫീസിൽ എത്തിക്കേണ്ടതാണ്. ദേശസാൽകൃത ബാങ്കിൽ നിന്നും ജില്ലാ പോലീസ് മേധാവി തിരുവനന്തപുരം റൂറൽ എന്ന പേരിൽ ഡിഡി അടക്കം ചെയ്തിരിക്കേണ്ടതാണ്. ദർഘാസ് സമർപ്പിക്കുന്ന കവറിനു മുകളിൽ വാഹന ലേലത്തിനുള്ള ടെൻഡർ എന്ന് എഴുതിയിരിക്കേണ്ടതാണ്.

ലേലം അവസാനിച്ചാലുടൻ ബന്ധപ്പെട്ടവരുടെ മുൻപിൽവച്ചു തന്നെ ദർഘാസുകൾ തുറക്കുന്നതും ലേലത്തിലോ

ടെൻഡറിലോ കൂടുതൽ തുക കാണുന്ന ആൾക്ക് ലേലം താത്കാലികമായി ഉറപ്പിക്കുന്നതാണ്. ലേലം കഴിഞ്ഞാലുടൻ ടി തുകയുടെ പകുതി തുക (നിരതദ്രവ്യം കഴിച്ച്) വില്പന നികുതിയും ചേർത്ത് ലേലം കൊണ്ടയാൾ ലേലസ്ഥലത്ത് വച്ചുതന്നെ അടച്ച രസീത് വാങ്ങേണ്ടതാണ്. ലേലം/ടെൻഡർ സ്ഥിരപ്പെടുത്തിയ ഉത്തരവ് കിട്ടി പത്തുദിവസത്തിനകം ബാക്കി തുകയും നിയമാനുസരണമുള്ള നികുതികളും അടച്ച് സ്വന്തം ഉത്തരവാദിത്തത്തിലും ചെലവിലും വാഹനം നീക്കം ചെയ്യേണ്ടതാണ്.

ഏതെങ്കിലും കാരണത്താൽ ലേലം സ്ഥിരപ്പെടുത്തി കിട്ടുന്നയാൾ ലേല നിബന്ധനകൾ ലംഘിക്കുകയാണെങ്കിൽ ടിയാൻ അടച്ച തുക സർക്കാരിൽ മുതൽ കൂട്ടുന്നതും വാഹനം പുനർലേലം ചെയ്യുന്നതുമായിരിക്കും. പുനർ ലേലത്തിൽ എന്തെങ്കിലും നഷ്ടം സംഭവിച്ചാൽ ആയത് മുൻ ലേലക്കാരനിൽ നിന്ന് ഈടാക്കുന്നതിനും കൂടുതലായി കിട്ടുന്ന തുകയ്ക്ക് മുൻ ലേലക്കാരൻ അവകാശിയല്ലാത്തതുമായിരിക്കും.

മേൽ കാണിച്ച വാഹനം പരിശോധിക്കുമെന്നുള്ളവർ പ്രവൃത്തി ദിവസങ്ങളിൽ ആഫീസ് സമയത്ത് തിരു.റൂറൽ സായുധ സേനാ അസിസ്റ്റൻറ് കമാൻഡണ്ടിൻറെ അനുമതിയോടുകൂടി പുളിങ്കുടി എ.ആർ. ക്യാമ്പിലുള്ള എം.ടി. വിങ്ങിൽ നേരിട്ട് ഹാജരായി പരിശോധിക്കാവുന്നതാണ്.

യുക്തമെന്ന് തോന്നുന്ന പക്ഷം യാതൊരു മുന്നറിയിപ്പോ കാരണമോ കാണിക്കാതെ ലേല തീയതി മാറ്റിവയ്ക്കുന്നതിനോ ലേലം/ടെൻഡർ സ്ഥിരപ്പെടുത്തുന്നതിനോ ഉള്ള അധികാരം തിരുവനന്തപുരം ജില്ലാ പോലീസ് മേധാവിയിൽ നിക്ഷിപ്തമാണ്.

ഷെഫീൻ അഹമ്മദ്.കെ ഐ പി എസ്
ജില്ലാ പോലീസ് മേധാവി

സ്വീകർത്താവ് : 1. എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും എസ്.എ.പി. /കെ.എ.പി. 1,2,3,4,5 ബറ്റാലിയൻ കമാണ്ടൻറ്-മാർക്കും എസ്.പി.(എം.റ്റി.) പി.എച്ച്.ക്യൂ.വിന് അറിവിലേക്കായി. 2. ഐ.ജി.പി, എസ്.സി.ആർ.ബി.ക്ക് കേരള പോലീസ് വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിനായി 3. ഡി.വൈ.എസ്.പി.(എം.റ്റി)ക്ക് അറിവിലേക്കായി. 4. സൂപ്രണ്ട്, സെൻട്രൽ പ്രസ്സ്, തിരുവനന്തപുരം – കേരള ഗവൺമെൻറ് ഗസറ്റിൽ പ്രസിദ്ധീകരണത്തിനായി അയയ്ക്കുന്നു (ആമുഖ കത്ത് സഹിതം). 5. സൂപ്രണ്ട്, സെൻട്രൽ പ്രസ്സ്, തിരുവനന്തപുരം – കേരള ഗവൺമെൻറ് ഗസറ്റിൽ പ്രസിദ്ധീകരണത്തിനായി അയയ്ക്കുന്നു (ആമുഖ കത്ത് സഹിതം). 6. തിരു. റൂറൽ യൂണിറ്റിലെ എല്ലാ ഓഫീസർമാർക്കും ആവശ്യമായ പരസ്യം നല്കുന്നതിലേക്ക്. 7. തിരു. റൂറൽ എ.ആർ. ക്യാമ്പ് അസി.കമാൻഡൻറ് മോട്ടോർ ട്രാൻസ്പോർട്ട് ആഫീസർ എന്നിവരുടെ അറിവിലേക്കും അനന്തര നടപടികൾക്കുമായി.